പതിമൂന്നാംകേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.316 09.04.2013 - ൽ മറുപടിക്ക്

## ദേശീയപാതയ്ക്കു വേണ്ടിയുള്ള സ്ഥലമെടുപ്പിലെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി. എം. തോമസ് ഐസക്<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. ജെയിംസ് മാത്യു<br>,, എ. പ്രദീപ്കുമാർ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയപാതയ്ക്കുവേണ്ടിയുള്ള സ്ഥലമെടുപ്പിന്റെ പുരോഗതി വ്യക്തമാക്കുമോ; | (എ) ദേശീയപാത 17 ഉം 47 ഉം (പുതിയ നമ്പർ എൻ.എച്ച്.66) ചേർന്നുള്ള 669 കി.മീ.-ൽ കേരള കർണ്ണാടക അതിർത്തിയായ തലപ്പാടി മുതൽ തലപ്പാടി-കണ്ണൂർ, കണ്ണൂർ-വെങ്ങളം, വെങ്ങളം-കുറ്റിപ്പുറം, കുറ്റിപ്പുറം -ഇടപ്പള്ളി എന്നീ ഭാഗങ്ങളിലെ സ്ഥലമെടുപ്പ് നടപടികൾ മന്ദഗതിയിലാണ്. ആകെ ഏറ്റെടുക്കേണ്ട 986 ഹെക്ടർ ഭൂമിയുടെ വളരെ ചെറിയ ശതമാനം മാത്രമാണ് ഇതുവരെ ഏറ്റെടുക്കാൻ കഴിഞ്ഞത്.. ഈ ഭാഗങ്ങളിൽ സ്ഥലമെടുപ്പിനു വേണ്ട പ്രാരംഭനടപടികളായ 3(എ) വിജ്ഞാപനം പുറപ്പെടുവിക്കുക, ഭൂമിയുടെ സർവ്വേ എന്നിവയാണ് ഇപ്പോൾ നടന്നുവരുന്നത്.<br>ഇടപ്പള്ളി മുതൽ അരൂർ വരെയുള്ള ഭാഗം എൻ.എച്ച്. എ.ഐ. നാലുവരിപ്പാതയായി വികസിപ്പിച്ചിട്ടുണ്ട്. അരൂർ മുതൽ ചേർത്തല വരെയുള്ള ഭാഗം സംസ്ഥാന സർക്കാർ |

നാലുവരിപ്പാതയായി വികസിപ്പിച്ചിട്ടുണ്ട്. ഇതിൽ എൻ.എച്ച്.എ.ഐ.യുടെ വികസന പ്രവർത്തനങ്ങൾ ഇനിയും നടക്കാനുണ്ട്. ചേർത്തല-ഓച്ചിറ, ഓച്ചിറ-കഴക്കൂട്ടം, കഴക്കൂട്ടം - സംസ്ഥാന അതിർത്തിയായ ഇഞ്ചിവിള എന്നീ ഭാഗങ്ങളുടെ സ്ഥലമെടുപ്പ് നടപടികൾ നടന്നു വരുന്നു.

എൻ.എച്ച്.47 ലെ വാളയാർ മുതൽ ഇടപ്പള്ളിവരെയുള്ള (പുതിയ നമ്പർ. എൻ.എച്ച്.544) 160 കി.മീ. സ്ഥലമെടുപ്പ് പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇതിൽ തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയുള്ള 72 കി.മീ. നാലുവരിപ്പാത യായി വികസിപ്പിച്ച് ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്.

കൂടാതെ തിരുവനന്തപുരം ജില്ലയിൽ കരമന മുതൽ കളിയിക്കാവിള വരെയുള്ള 29 കി.മീ. ദൂരം 30.2 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

ദേശീയപാതാ വികസനം ദ്രുതഗതിയിൽ നടപ്പിലാക്കാനുള്ള നടപടികളാണ് ഇപ്പോൾ നടക്കുന്നത്. എന്നാൽ ഒരു വിഭാഗം ജനങ്ങളുടെ ശക്തമായ എതിർപ്പ് ഇതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. സ്ഥലം എടുപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്ന തിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷത യിൽ ഉന്നതതല സമിതിയും കെ.എസ്.ടി.പി. പ്രോജക്റ്റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ സാങ്കേതിക കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പ്രതിഷേധം ഉണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | പല തലങ്ങളിൽ നിന്നും പരാതികൾ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിക്കാൻ സർക്കാർ തലത്തിൽ രണ്ട് കമ്മിറ്റികൾ (ഒന്ന് കെ.എസ്.റ്റി.പി. പ്രോജക്ട് ഡയറക്ടർ അദ്ധ്യക്ഷനായും മറ്റൊന്ന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും) രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ബി.ഒ.ടി വ്യവസ്ഥയിലാണോ പ്രസ്തുത റോഡുകളുടെ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ബി.ഒ.ടി വ്യവസ്ഥയിലെ റോഡ് നിർമ്മാണം സ്ഥലമെടുപ്പിനെ ബാധിച്ചിട്ടുണ്ടോ; | (സി) | ബി.ഒ.റ്റി. വ്യവസ്ഥയിലാണ് എൻ.എച്ച്.എ.ഐ. റോഡുകളുടെ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നത്. സ്ഥലമെടുപ്പിന് എതിർപ്പ് വരാൻ ബി.ഒ.റ്റി.വ്യവസ്ഥ മാത്രമല്ല കാരണം. |
| (ഡി) | ബി.ഒ.ടി. വ്യവസ്ഥയിൽ റോഡുകൾ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റും നിരക്കുകളും സംബന്ധിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | ബി.ഒ.റ്റി. വ്യവസ്ഥയിൽ റോഡ് നിർമ്മിക്കുന്നത് എൻ.എച്ച്.എ.ഐ. മുഖേനയാണ്. എസ്റ്റിമേറ്റിനെയും നിരക്കിനെയും സംബന്ധിച്ച് ആക്ഷേപങ്ങൾ കേന്ദ്ര ഗവൺമെന്റിനോ എൻ.എച്ച്.എ.ഐ.ക്കോ ലഭിച്ചുവോ എന്ന് വ്യക്തമല്ല. കേരള സർക്കാരിന് രേഖാമൂലം ലഭിച്ചിട്ടില്ല. |
| (ഇ) | കൊല്ലം ബൈപ്പാസിന്റെ എസ്റ്റിമേറ്റ് ഹൈക്കോടതിയുടെ ഇടപെടലിനെത്തുടർന്ന് കുറയ്ക്കുകയുണ്ടായിട്ടുണ്ടോ; | (ഇ) | കൊല്ലം ബൈപ്പാസിന്റെ എസ്റ്റിമേറ്റ് കൺസൾട്ടന്റ് മുഖാന്തിരമാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ കോടതി ഇടപെട്ട് മാറ്റങ്ങളൊന്നും വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | കേന്ദ്രം അംഗീകരിച്ച സംസ്ഥാനത്തെ ദേശീയപാത വികസന പദ്ധതികൾ ഏതൊക്കെയാണെന്ന റിയിക്കുമോ; | (എഫ്) | പ്രധാന ദേശീയപാതകളായ എൻ.എച്ച്. 17 ഉം, എൻ.എച്ച്. 47 ഉം NHDP Phase II & III യിൽ ഉൾപ്പെടുത്തി നാലു വരിപാതയായി വികസിപ്പിക്കുന്ന തിനും ബാക്കി അഞ്ച് ദേശീയപാത കളായ എൻ.എച്ച്.49, എൻ.എച്ച്.208, എൻ.എച്ച്.212, എൻ.എച്ച്.213, എൻ.എച്ച്. 220 എന്നിവ NHDP Phase IV – A യിൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോട്ടുകൂടിയ രണ്ടുവരിപാത യായി വികസിപ്പിക്കുന്നതിനുമാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. |
| (ജി) | പ്രസ്തുത വിഷയത്തിൽ ഏറ്റവുമൊടുവിൽ ഉപരിതല ഗതാഗത വകുപ്പിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ച അറിയിപ്പ് വെളിപ്പെടുത്തുമോ? | (ജി) | NHDP Phase IV-A -ൽ ഉൾപ്പെടുത്തിയിട്ടുള്ള അഞ്ച് ദേശീയ പാതകൾ ബി.ഒ.റ്റി., ടോൾ വ്യവസ്ഥയിൽ വികസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുത്തു നൽകണമെന്നും അതിനുള്ള സമയ പരിധി 31.03.2013 നുമുമ്പ് കേന്ദ്ര സർക്കാരിനെ അറിയിക്കണമെന്നുമാണ് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് സെക്രട്ടറിയുടെ 18.03.2013 ലെ കത്തുപ്രകാരം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടിരുന്നത്. |

Sd/-

സെക്ഷൻ ഓഫീസർ